ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 11.07.2025**

## പ്രധാനവാർത്തകൾ

1. റോസ്ഗർ മേളയുടെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ 51,000-ത്തിലധികം നിയമന ഉത്തരവ് വിതരണം ചെയ്യും.

2. കേരള സന്ദർശനത്തിനായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് തിരുവനന്തപുരത്ത് എത്തും.

3. നിപ്പ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള കേന്ദ്ര സംഘത്തിൻറെ കേരളത്തിലെ സന്ദർശനം പൂർത്തിയായി.

4. വൃക്ഷവത്ക്കരണ വ്യാപനത്തിനായി വനം വകുപ്പ് സംസ്ഥാനത്ത് ട്രീ ബാങ്കിങ് പദ്ധതി നടപ്പാക്കും.

5. വിദ്യാർത്ഥികൾക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഉറപ്പാക്കുകയാണ് സർക്കാർ ലക്ഷ്യമെന്ന് മന്ത്രി ഒ.ആർ കേളു.

6. ലോർഡ്സ് ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യക്കെതിരെ ഇംഗ്ലണ്ടിന്റെ ഒന്നാം ഇന്നിംഗ്സ് ബാറ്റിംഗ് പുരോഗമിക്കുന്നു.

**********************************

RNU TVPM

## റോസ്ഗർ മേള

റോസ്ഗാർ മേളയുടെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകളിലായി പുതുതായി നിയമിതരായ 51,000ത്തിലധികം യുവാക്കൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ വീഡിയോ കോൺഫറൻസിംഗിലൂടെ നിയമന ഉത്തരവ് വിതരണം ചെയ്യും. രാജ്യത്തുടനീളമുള്ള 47 സ്ഥലങ്ങളിലാണ് പതിനാറാമത് റോസ്ഗാർ മേള നടക്കുക. കേന്ദ്ര സർക്കാർ മന്ത്രാലയങ്ങളിലും വകുപ്പുകളിലുമാണ് നിയമനങ്ങൾ നടക്കുന്നത്. രാജ്യത്തുടനീളമുള്ള റോസ്ഗാർ മേളകൾ വഴി ഇതുവരെ പത്ത് ലക്ഷത്തിലധികം റിക്രൂട്ട്മെന്റ് കത്തുകൾ വിതരണം ചെയ്തിട്ടുണ്ട്.

**********************************

## അമിത് ഷാ-കേരളം

ബിജെപി മുതിർന്ന നേതാവും കേന്ദ്ര ആഭ്യന്തര മന്ത്രിയുമായ അമിത് ഷാ ഇന്ന് രാത്രി തിരുവനന്തപുരത്ത് എത്തും. നാളെ ബിജെപിയുടെ പുതിയ സംസ്ഥാന കാര്യാലയം അദ്ദേഹം ഉദ്ഘാടനം ചെയ്യും. പുത്തരിക്കണ്ടം മൈതാനത്ത് തെക്കൻ ജില്ലകളിലെ ബൂത്ത് തല നേതാക്കളെ അഭിസംബോധന ചെയ്യുന്ന അദ്ദേഹം, ബിജെപി സംസ്ഥാന നേതൃയോഗത്തിലും പങ്കെടുക്കും. കണ്ണൂർ തളിപ്പറമ്പിലെ രാജരാജേശ്വര ക്ഷേത്രത്തിലും കേന്ദ്ര മന്ത്രി ദർശനം നടത്തും. രാത്രി അദ്ദേഹം ഡൽഹിയിലേക്ക് മടങ്ങും.

RNUTVPM

**********************************

## അജിത് ഡോവൽ - ഐ ഐ റ്റി

തദ്ദേശീയ സാങ്കേതികവിദ്യ ഉപയോഗിച്ചാണ് ഇന്ത്യ ഓപ്പറേഷൻ സിന്ദൂറിൽ വിജയിച്ചതെന്നും അതിലൂടെ 28 മിനിറ്റിനുള്ളിൽ പാകിസ്ഥാനിലെ ഭീകര കേന്ദ്രങ്ങൾ തകർത്തുവെന്നും ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ. ഐഐടി മദ്രാസിന്റെ

62-ാമത് ബിരുദദാന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഓപ്പറേഷൻ സിന്ദൂറിന്റെ ഭാഗമായി ഇന്ത്യൻ സൈന്യം ബ്രഹ്മോസ്, സംയോജിത air command systems, റഡാറുകൾ തുടങ്ങിയ അത്യാധുനിക തദ്ദേശീയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ചതായും അദ്ദേഹം പറഞ്ഞു.

***********************************

## ശുചിത്വ വാരാചരണം (ഇൻട്രോ)

ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ഓൾ സെയിന്റ്സ് കോളേജിൽ സംഘടിപ്പിച്ച ശുചിത്വ വാരാചരണം കേന്ദ്ര സഹമന്ത്രി സുരേഷ്ഗോപി ഉദ്ഘാടനം ചെയ്തു. പൊതു ഇടങ്ങളിലെ ശുചിത്വത്തിനു വലിയ പ്രാധാന്യം ഉണ്ടെന്നും ശുചിത്വത്തിൽ മികച്ച മാതൃകയായിരിക്കുകയാണ് നമ്മുടെ ഗ്രാമങ്ങൾ എന്നും സുരേഷ്ഗോപി പറഞ്ഞു. തുടർന്ന് അദ്ദേഹം വിദ്യാർത്ഥികൾക്ക് സ്വച്ഛത പ്രതിജ്ഞ ചൊല്ലിക്കൊടുക്കുകയും കോളേജ് പരിസരത്ത് വൃക്ഷത്തൈ നടുകയും ചെയ്തു.

(വോയ്സ്)

***********************************

## ഗവർണർ രാജേന്ദ്ര വിശ്വനാഥ്

ശാസ്ത്രീയ ഇടപെടലിലൂടെ രാജ്യം കാർഷിക രംഗത്ത് മുന്നേറുകയാണെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേകർ. തിരുവനന്തപുരം ശ്രീകാര്യത്തുള്ള കേന്ദ്ര കിഴങ്ങ് വർഗ ഗവേഷണ കേന്ദ്രത്തിന്റെ 62 -ാം സ്ഥാപക ദിനാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ലബോറട്ടറികളിൽ നടക്കുന്ന എല്ലാ ശാസ്ത്രീയ

RNU TVPM

പരീക്ഷണങ്ങളും രാജ്യത്തെ ജനങ്ങൾക്കും കർഷകർക്കും ഗുണം ചെയ്യണമെന്നും ഗവർണർ പറഞ്ഞു.

***********************************

## വർണ്ണക്കൂടാരം-മന്ത്രി ഒ.ആർ കേളു

വിദ്യാർത്ഥികൾക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഉറപ്പാക്കുകയാണ് സർക്കാർ ലക്ഷ്യമെന്ന് മന്ത്രി ഒ.ആർ കേളു. വയനാട് തരുവണ ഗവ. യു.പി സ്കൂളിലെ ജില്ലാതല ക്രീയേറ്റീവ്കോർണർ, വർണ്ണക്കൂടാരം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പാഠ്യ വിഷയങ്ങൾക്കൊപ്പം കൃഷി, വയറിങ്, ഫാഷൻ ടെക്നോളജി, പാചകം, മരപ്പണി, ഇലക്ട്രോണിക്സ്, പ്ലംബിങ് തുടങ്ങിയ മേഖലകൾ വിദ്യാർഥികളെ പരിചയപ്പെടുത്തി പരിശീലിപ്പിക്കുന്ന നൂതന സംവിധാനമാണ് ഈ പദ്ധതിയിലുള്ളത്.

***********************************

RNU TVPM

## ട്രീ ബാങ്കിങ് പദ്ധതി

പരമ്പരാഗത വനമേഖലയ്ക്ക് പുറമെ വൃക്ഷവത്ക്കരണ വ്യാപനത്തിന് വനം വകുപ്പ് ട്രീ ബാങ്കിങ് പദ്ധതി നടപ്പാക്കുന്നു. സ്വകാര്യ ഭൂമിയിലെ വൃക്ഷാവരണം വർദ്ധിപ്പിച്ച് വൃക്ഷത്തൈകൾ നട്ടുവളർത്തൽ പ്രോത്സാഹിപ്പിക്കാൻ കർഷകർക്ക് സാമ്പത്തിക പ്രോത്സാഹനം, വാർഷിക ധനസഹായം, കാർബൺ ക്രെഡിറ്റ് വരുമാനം തുടങ്ങിയ ആനുകൂല്യങ്ങൾ പദ്ധതിയിലൂടെ ഉറപ്പാക്കും. സ്വന്തമായി ഭൂമിയുള്ളവർക്കും കുറഞ്ഞത് 15 വർഷത്തെ ലീസിന് ഭൂമി കൈവശമുള്ളവർക്കും പദ്ധതിയിൽ അംഗങ്ങളാവാം. സംസ്ഥാനത്തെ കാർബൺ ന്യൂട്രലാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

***********************************

## മന്ത്രി റോഷി അഗസ്റ്റിൻ

എല്ലാ ജനവിഭാഗങ്ങൾക്കും തുല്യപരിരക്ഷ ഉറപ്പാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് മന്ത്രി റോഷി അഗസ്റ്റിൻ. അതിദരിദ്ര കുടുംബങ്ങൾക്ക് ഇടുക്കിയിൽ വിവിധ പദ്ധതികളുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. പാർശ്വവത്കരിക്കപ്പെട്ടവർ, രോഗികൾ തുടങ്ങി എല്ലാവർക്കും തുല്യപരിരക്ഷ നൽകുന്ന സമീപനത്തിന്റെ ഭാഗമായാണ് അതിദാരിദ്ര്യ നിർമാർജന പദ്ധതി നടപ്പാക്കുന്നതെന്നും മന്ത്രി പറഞ്ഞു.

***********************************

## മന്ത്രി ആർ ബിന്ദു

വിദ്യാർത്ഥികളുടെ നന്മയെ കരുതിയുള്ള തീരുമാനമാണ് കീം വിഷയത്തിൽ സർക്കാർ എടുത്തിട്ടുള്ളതെന്ന് മന്ത്രി ആർ ബിന്ദു. കോടതി വിധിയുടെ അടിസ്ഥാനത്തിൽ മുൻപ് തുടർന്നുവന്ന രീതി ഈ വർഷം തുടരേണ്ടതായി വന്നിരിക്കുകയാണ്. അടുത്ത അധ്യയന വർഷം പുതിയ ഫോർമുല നടപ്പാക്കുന്നതിനെപ്പറ്റി ആലോചിക്കും. എല്ലാ കുട്ടികൾക്കും നീതി ഉറപ്പാക്കാനാണ് ശ്രമിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.

RNU/TVPM

***********************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.

(ബ്രേക്ക്)

***********************************

## ലോക ജനസംഖ്യാ ദിനം

ഇന്ന് ലോക ജനസംഖ്യാ ദിനം . വർദ്ധിച്ചുവരുന്ന ജനസംഖ്യ മൂലമുണ്ടാകുന്ന വെല്ലുവിളികളിലും, അവ സൃഷ്ടിക്കുന്ന അവസരങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനാണ് എല്ലാ വർഷവും ജൂലൈ 11 ന് ജനസംഖ്യാ ദിനം ആചരിക്കുന്നത്. "അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യത്തിനും ക്ഷേമത്തിനും ഗർഭകാലത്തിന്റെ ആരോഗ്യകരമായ സമയവും ഇടവേളയും"- എന്നതാണ് ഈ വർഷത്തെ പ്രമേയം.

***********************************

## നിപ - പാലക്കാട് (ഇൻട്രോ)

നിപ പ്രതിരോധ പ്രവർത്തങ്ങളുടെ ഭാഗമായി പാലക്കാട് ജില്ലയിൽ എത്തിയ കേന്ദ്ര സംഘം സന്ദർശനം പൂർത്തിയാക്കിയ ശേഷം അവലോകന യോഗം ചേർന്നു.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.**

**(വോയ്സ്)**

RNU TVPM

***********************************

## ഫാസ്ടാഗ്

സുഗമമായ ടോൾ പിരിവ് ഉറപ്പാക്കുന്നതിന് കൃത്യമായി ഫാസ്ടാഗ് പതിപ്പിക്കാത്ത വാഹനങ്ങൾക്കെതിരെ ശക്തമായ നടപടിക്കൊരുങ്ങി ദേശീയ പാത അതോറിറ്റി. ഇത്തരം വാഹനങ്ങളെ കരിമ്പട്ടികയിൽപ്പെടുത്തുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുമെന്ന് അതോറിറ്റി അറിയിച്ചു. ഫാസ്ടാഗ് ശരിയായി പതിക്കാതിരിക്കുന്നത് ദേശീയപാതയിലെ തിരക്കിനും ടോളിംഗ് സംവിധാനത്തിന്റെ ദുരുപയോഗത്തിനും കാരണമാകുന്നുവെന്ന വിലയിരുത്തലിനെത്തുടർന്നാണ് തീരുമാനം. ഇത് സംബന്ധിച്ച്

വിവിരങ്ങൾ ഉടനടി അറിയിക്കാൻ ടോൾ പിരിവ് ഏജൻസികൾക്ക് അതോറിറ്റി നിർദേശം നൽകി.

***********************************

## കേരള സർവ്വകലാശാല

കേരള സർവ്വകലാശാലയിൽ വൈസ് ചാൻസലർ -രജിസ്ട്രാർ തർക്കം രൂക്ഷമായി തുടരുന്നു. രജിസ്ട്രാർ ഡോ. കെ എസ് അനിൽകുമാർ അയച്ച ഫയലുകൾ വി സി ഒപ്പിടാതെ തിരിച്ചയച്ചു. സസ്പെൻഷനിലുള്ള ആൾ എങ്ങനെ ഫയൽ അയക്കുമെന്ന് വി സി ചോദിച്ചു. എന്നാൽ രജിസ്ട്രാറുടെ താത്കാലിക ചുമതലയുള്ള മിനി കാപ്പൻ അയച്ച 25 ഫയലുകൾ വി സി ഒപ്പിട്ടു.

***********************************

## എം വി ഗോവിന്ദൻ

കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നതായി സിപിഐഎം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ വലിയ മാറ്റങ്ങളാണ് ഉണ്ടാകുന്നതെന്നും രാജ്യത്തെ മികച്ച 20 സർവകലാശാലകളിൽ മൂന്നെണ്ണം കേരളത്തിലാണെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. മതനിരപേക്ഷതയുടെ പാരമ്പര്യമുയർത്തിപ്പിടിച്ചാണ് കേരളത്തിലെ സർവ്വകലാശാലകൾ മുന്നേറുന്നതെന്നും ശ്രീ എം വി ഗോവിന്ദൻ വ്യക്തമാക്കി.

***********************************

RNU TVPM

## കായകൽപ്പ പുരസ്ക്കാരങ്ങൾ

2024-25 വർഷത്തിലെ സംസ്ഥാന കായകൽപ്പ പുരസ്ക്കാരങ്ങൾ മന്ത്രി വീണാ ജോർജ് പ്രഖ്യാപിച്ചു. സംസ്ഥാനത്തെ ജില്ലാ, ജനറൽ, സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി വിഭാഗത്തിൽ തൃശ്ശൂർ ഇരിഞ്ഞാലക്കുട ജനറൽ ആശുപത്രിയും, എറണാകുളം ജനറൽ ആശുപത്രിയും ഒന്നാം സ്ഥാനമായ 50 ലക്ഷം രൂപയുടെ പുരസ്കാരം പങ്കിട്ടു. നിലമ്പൂരിലെ ജില്ലാ ആശുപത്രിയും, കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുമാണ് രണ്ടാം സ്ഥാനമായ 20 ലക്ഷം രൂപയുടെ പുരസ്ക്കാരം പങ്കിട്ടത്. സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലെ ശുചിത്വം, മാലിന്യ പരിപാലനം, അണുബാധ നിയന്ത്രണം എന്നിവ വിലയിരുത്തി പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയുള്ള പുരസ്കാരമാണിത്.

PNU TVPM

***********************************

## ബി ജെ പി ഭാരവാഹികൾ

ബിജെപി പുതിയ സംസ്ഥാന ഭാരവാഹികളെ പ്രഖ്യാപിച്ചു. നാല് ജനറൽ സെക്രട്ടറിമാരും 10 വൈസ് പ്രസിഡൻറുമാരുമടങ്ങുന്ന പട്ടികയാണ് പ്രഖ്യാപിച്ചത്. എം.ടി.രമേശ്, ശോഭാ സുരേന്ദ്രൻ, എസ്.സുരേഷ്, അനൂപ് ആൻറണി ജോസഫ് എന്നിവരാണ് ജനറൽ സെക്രട്ടറിമാർ. 10 സെക്രട്ടറിമാരെയും പ്രഖ്യാപിച്ചിട്ടുണ്ട്.

***********************************

## ശബരിമല

പുതിയ നവഗ്രഹ ശ്രീകോവിൽ പ്രതിഷ്ഠയോടനുബന്ധിച്ചുള്ള പൂജകൾക്കായി ശബരിമല നട തുറന്നു. തന്ത്രി കണ്ഠരര് രാജീവരുടെ സാന്നിധ്യത്തിൽ മേൽശാന്തി അരുൺകുമാർ

നമ്പൂതിരി നട തുറന്ന് ശ്രീകോവിലിൽ ദീപം തെളിയിച്ചു. നാളെ പ്രതിഷ്ഠയോടനുബന്ധിച്ചുള്ള പ്രത്യേക പൂജകൾ നടക്കും. ജൂലൈ 13നാണ് പ്രതിഷ്ഠ നടക്കുക. മാളികപ്പുറത്തിന് സമീപമാണ് പുതിയ നവഗ്രഹ ശ്രീകോവിൽ നിർമ്മിക്കുന്നത്.

***********************************

## ആറന്മുള വള്ളസദ്യ

80 ദിവസം നീണ്ടുനിൽക്കുന്ന ആറന്മുള വള്ളസദ്യക്കായി അടുപ്പിൽ അഗ്നി പകർന്നു. മറ്റന്നാളാണ് വള്ളസദ്യ തുടങ്ങുന്നത്. വഞ്ചിപ്പാട്ടിന്റെയും വാദ്യമേളങ്ങളുടെയും അകമ്പടിയോടെയായിരുന്നു ചടങ്ങ്.

***********************************

## ക്രിക്കറ്റ് ടെസ്റ്റ്

RNU TVPM

ലോർഡ്സ് ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യക്കെതിരെ ഒന്നാം ഇന്നിംഗ്സിൽ ഇംഗ്ലണ്ട് ഭേദപ്പെട്ട നിലയിൽ. 4 വിക്കറ്റിന് 251 റൺസ് എന്ന നിലയിൽ രണ്ടാം ദിനം ബാറ്റിംഗ് പുനരാരംഭിച്ച ഇംഗ്ലണ്ട് ഒടുവിൽ വിവരം ലഭിക്കുമ്പോൾ 9 വിക്കറ്റിന് 370 റൺസ് എന്ന നിലയിലാണ്. ജോ റൂട്ടിന്റെ സെഞ്ചുറി മികവിലാണ് ഇംഗ്ലണ്ട് സ്കോർ 300 കടത്തിയത്.

***************************************************************************************
**********************